9685
3/8/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന പദ്ധതി - ഐ.സി.ഡി.എസ് മിഷൻ - വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിൽ പോഷകാഹാരക്കുറവുമൂലമുണ്ടാകുന്ന ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന് ജാതക് - ജനനി സംവിധാനം നടപ്പിലാക്കുന്നതിന് - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ)നം. 179/2015/സാനീവ          തീയതി, തിരുവനന്തപുരം: 31.07.2015.

---

പരാമർശം: 1) 03.06.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ICDS/B1-6678/15 നമ്പർ കത്ത്.
2) 24.06.2015 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനായി 2013 അവസാനത്തോടുകൂടി യുണിസെഫ്, സാമൂഹ്യനീതി വകുപ്പ്, NIRD, റിഥി ഫൗണ്ടേഷൻ എന്നിവർ സംയുക്തമായി ആരംഭിച്ച പദ്ധതിയാണ് ജാതക് - ജനനി സംവിധാനം. ടി പദ്ധതി ആദിവാസി ജനവിഭാഗങ്ങൾ കൂടുതലായി കണ്ടുവരുന്ന വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിൽ കൂടി നടപ്പിലാക്കുവാനും തീരുമാനിക്കുകയുണ്ടായി. ടി പ്രോജക്റ്റ് നടപ്പിലാക്കുന്നതിലേയ്ക്ക് ആൻഡ്രോയിഡ് മൊബൈൽ ഫോണിന്റെ കോസ്റ്റ് ഒഴിച്ച് ആകെ ചിലവാകുന്ന 25.55 ലക്ഷം രൂപയിൽ കേരള സർക്കാർ വിഹിതമായ 19.75 ലക്ഷം രൂപ പ്രോജക്റ്റ് കോസ്റ്റ് തുകയായും പ്രോജക്റ്റുമായി ബന്ധപ്പെട്ട സർവ്വീസ് ടാക്സ് തുകയായ 3,15,798 രൂപയും ചേർത്ത് ആകെ 22,90,798 രൂപ സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട് എന്നും ടി പദ്ധതിയ്ക്കായി 2 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2235-02-103-73(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട് എന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിൽ ജി.ഐ.എസ് - ന്റെ അടിസ്ഥാനത്തിൽ അമ്മമാർക്കും, കുട്ടികൾക്കും വേണ്ടിയുള്ള ഹെൽത്ത് ട്രാക്കിംഗ് സിസ്റ്റമായ ജാതക് - ജനനി സംവിധാനം നടപ്പിലാക്കുന്നതിന് ഭരണാനുമതിയും ഇതിലേയ്ക്കാവശ്യമായ 22,90,798 രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതിയും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 24.06.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിൽ ജി.ഐ.എസ് - ന്റെ അടിസ്ഥാനത്തിൽ അമ്മമാർക്കും, കുട്ടികൾക്കും വേണ്ടിയുള്ള ഹെൽത്ത് ട്രാക്കിംഗ് സിസ്റ്റമായ ജാതക് - ജനനി സംവിധാനം നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയും ഇതിലേയ്ക്കാവശ്യമായ 22,90,798 രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-103-73 (p) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എ. ഷാജഹാൻ,**

**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ സ്റ്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിര കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ